# 74. അദ്വൈതദർശനം

പുണ്യശ്ലോകനായ വൈദ്യരത്നം പി. എസ്. വാരിയരെ അനുസ്മരിക്കുന്ന ഈ പ്രസംഗം ചെയ്യുന്നതിനു ക്ഷണിക്കപ്പെട്ടതു് വലിയ ഒരു ബഹുമതിയായി ഞാൻ കരുതുന്നു. വ്യവസായപടു, ആചാര്യൻ, വൈദ്യൻ, സാഹിത്യകാരൻ, കലാപ്രേമി എന്നീ വിവിധ ഭൂമികകളിൽ പി. എസ്. വാരിയർ കേരളത്തിനു നൽകിയ പ്രശസ്ത സേവനം സുവിദിതമാണ്. ദക്ഷിണേന്ത്യയിൽ ആയുർവ്വേദത്തിന്റെ സമുദ്ധാരകരിൽ പ്രഥമഗണനീയനാണ് അദ്ദേഹം. തന്റെ അറിവിൽപ്പെട്ട എല്ലാ നല്ല പ്രവർത്തനങ്ങളേയും അദ്ദേഹം ഉദാരമായി സഹായിച്ചുവന്നു. അദ്ദേഹത്തിന്റെ ഊഷ്മളമായ സൗഹാർദം അനുഭവിക്കാൻ ഭാഗ്യമുണ്ടായവരിൽ ചിലരെങ്കിലും ഇന്നും ജീവിച്ചിരിപ്പുണ്ട്. മഹാനായ ഈ ഭാരതപുത്രന്റെ സ്മരണയ്ക്കു് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വൈദ്യരത്നത്തെപ്പോലെ, അദ്ദേഹത്തിന്റെ രണ്ടു് അനന്തരഗാമികളേയും ഞാൻ അനുസ്മരിക്കേണ്ടതുണ്ടു് അവരിലൊരാൾ, പി. എസ്. വാരിയർക്കു ശേഷം ആര്യവൈദ്യശാലയുടെ മാനേജിംഗ് ട്രസ്റ്റി എന്ന നിലയിൽ ഈ സ്ഥാപനത്തിന്റെ ആധുനികീകരണത്തിനു നേതൃത്വം നൽകിയ മാധവവാരിയരും മറ്റേ ആൾ തന്റെ അനുപമമായ ആതുരശുശ്രൂഷാപാടവത്താലും അതിലേറെ സൗഹാർദമധുരമായ പെരുമാററത്താലും അല്പകാലത്തിനകം അസാധാരണമായ ജനപ്രീതി ആർജിച്ച രാമൻകുട്ടിവാരിയരും ആണ്. അകാലത്തിൽ അന്തരിച്ച ഈ രണ്ടു് പ്രഗല്ഭ വ്യക്തികൾക്കും എന്റെ പ്രണാമങ്ങൾ.

ഉപവേദങ്ങളിൽ ഒന്നായിട്ടാണല്ലോ ആയുർവേദം ഗണിക്കപ്പെട്ടുവരുന്നതു്. ആയുർവേദത്തിന്റെ വേരുകൾ വേദങ്ങളിൽ വ്യാപിച്ചുകിടക്കുന്നതായി കരുതപ്പെടുന്നതുമുണ്ടു്. വൈദികമായ ആദ്ധ്യാത്മിക ചിന്താധാര, അന്തർവാഹിനിയായ സരസ്വതിപോലെ, ആയുർവേദത്തിന്റെ അടിയിൽ ഒഴുകിക്കൊണ്ടുമിരിക്കുന്നു. അതിനാൽ, മഹാനായ ഒരു ആയുർവേദാചാര്യന്റെ ഓർമ്മയ്ക്കായി, ആര്യവൈദ്യശാലയുടെ ആഭിമുഖ്യത്തിൽ, നടത്തപ്പെടുന്ന ഈ പ്രസംഗം, വേദങ്ങളുടെ മന്ത്രഭാഗത്തിൽ അവിടവിടേയും ഉപനിഷദ്ഭാഗത്തിൽ പ്രാധാന്യേനയും പ്രതിപാദിക്കപ്പെടുന്ന അദ്വൈതദർശനത്തെ സംക്ഷിപ്തമായി പ്രതിപാദിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നതു് യുക്തമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

## ഷഡ്ദർശനങ്ങൾ

മനുഷ്യനു് അനുഭവപ്പെടുന്ന ഭൗതികപ്രപഞ്ചം, ഭൗതികപ്രപഞ്ചത്തെപ്പററി ബോധവാനായ മനുഷ്യവ്യക്തി എന്നിവയുടെ യഥാർത്ഥ സ്വരൂപത്തെയും മനുഷ്യവ്യക്തിയും പ്രപഞ്ചവും തമ്മിലുള്ള ബന്ധപാരസ്പര്യത്തേയും സംബന്ധിച്ച്, ആഗമത്തെയും (ശ്രുതി–സ്മൃതികളെയും) യുക്തിയെയും അവലംബമാക്കി രൂപവൽക്കരിക്കപ്പെട്ട സമഗ്രവീക്ഷണങ്ങളെയാണ് 'ദർശനങ്ങൾ' എന്നു നാം പറയുന്നതു്.

സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നിവയാണ് ഭാരതീയ ദർശനങ്ങളിൽ പ്രമുഖങ്ങൾ. ഇവയെ 'ഷഡ് ദർശനങ്ങൾ' എന്നു പറയുന്നു. വേദങ്ങളെ പ്രമാണമായി അംഗീകരിക്കുന്നതിനാൽ ഇവയെ 'വൈദികദർശനങ്ങൾ' എന്നും വിളിക്കാറുണ്ടു്. വേദങ്ങളെ പ്രമാണമായി അംഗീകരിക്കാത്തവയാണ് ചാർവാകദർശനം അഥവാ ലോകായതദർശനം, ബൗദ്ധദർശനം, ആർഹതദർശനം അഥവാ ജൈന

ദർശനം എന്നിവ. ഇവയ്ക്കു പുറമെ, പല മതസമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് പലതരം ശൈവ—വൈഷ്ണവ ദർശനങ്ങളും താന്ത്രികദർശനങ്ങളും പല കാലത്തു് ഇന്ത്യയിൽ പ്രചാരമാർജിക്കുകയുണ്ടായി. സംസ്കൃത വ്യാകരണത്തിനു കൂടിയുണ്ടു് അതിൻേറതായ 'ദർശനം'.

മതങ്ങളുമായി ബന്ധപ്പെട്ടും ബന്ധപ്പെടാതെയും അനേകം ദർശനങ്ങൾ ഇന്ത്യയ്ക്കു പുറമെയുള്ള രാജ്യങ്ങളിലും രൂപംകൊള്ളുക ഉണ്ടായിട്ടുണ്ടു്. എല്ലാ ദർശനങ്ങളുടെയും ലക്ഷ്യം ഭൗതികപ്രപഞ്ചത്തെയും മനുഷ്യവ്യക്തിയെയും ഇവ തമ്മിലുള്ള പരസ്പരബന്ധത്തെയും തൃപ്തികരമായി നിർവചിക്കുക എന്നതു തന്നെയാണു്. മനുഷ്യർക്കിടയിലുള്ള അനന്തമായ രുചിവൈചിത്ര്യമാണു് ഇത്രയേറെ ദർശനങ്ങൾ നിലവിൽ വരുന്നതിനുള്ള കാരണം. വിഭിന്ന ദർശനങ്ങളോടുള്ള ഭാരതീയസമീപനത്തെ 'ശിവമഹിമ്നഃ സ്തോത്ര'ത്തിൽ പുഷ്പദന്തൻ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു;

> ത്രയീ സാംഖ്യംയോഗഃ പശുപതിമതം
> വൈഷ്ണവമിതി
> പ്രഭിന്നേ പ്രസ്ഥാനേ പരമിദ,മദഃ
> പഥ്യമിതി ച
> രുചീനാം വൈചിത്ര്യാദൃജുകുടില—
> നാനാപഥജുഷാം
> നൃണാമേകോ ഗമ്യസ്ത്വമസി, പയസാ—
> മർണവ ഇവ.

## പ്രസ്ഥാനത്രയം

ഷഡ്ദർശനങ്ങളിൽ അവസാനത്തേതായി ഗണിക്കപ്പെടുന്ന ഉത്തരമീമാംസാ ദർശനം, വേദസംഹിതകളിൽ (മന്ത്രങ്ങളിൽ) സംക്ഷിപ്തമായും വേദങ്ങളുടെ ഭാഗങ്ങളായ ബ്രാഹ്മണങ്ങളിൽ ഉൾപ്പെട്ട ഉപനിഷത്തുകളിൽ വിശദമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഉപനിഷത്തുകൾക്കു് 'വേദാന്തങ്ങൾ' (വേദങ്ങളുടെ അവസാന ഭാഗങ്ങൾ) എന്നുകൂടി പേരുണ്ടു്. ഇതിൽനിന്നു്, ഉപനിഷത്തുകളിലെ ദർശനവും 'വേദാന്തം' എന്ന പേരിൽ അറിയപ്പെടുന്നു. ഉപനിഷത്തുകളിൽ പരന്നുകിടക്കുന്ന ദർശനത്തെ, ഓരോന്നിലും നാലു പാദങ്ങൾ വീതമുള്ള നാലു് അദ്ധ്യായങ്ങൾ ഉൾക്കൊണ്ട 'ബ്രഹ്മസൂത്രങ്ങൾ' എന്ന ഗ്രന്ഥത്തിൽ ബാദരായണൻ ക്രോഡീകരിച്ചു പ്രതിപാദിക്കുകയുണ്ടായി. മഹാഭാരതത്തിലെ 'ഭഗവദ്ഗീത'യിലും ഇതേ ദർശനം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട പത്തോ പന്ത്രണ്ടോ ഉപനിഷത്തുകൾ, ബ്രഹ്മസൂത്രങ്ങൾ, ഭഗവദ്ഗീത എന്നിവ വേദാന്തദർശനത്തെ അവതരിപ്പിക്കുന്ന മൂന്നു പ്രസ്ഥാനങ്ങൾ (പ്രസ്ഥാനത്രയം) ആണെന്നു കണക്കാക്കിവരുന്നു. പ്രസ്ഥാനത്രയത്തിനു രചിച്ച ഭാഷ്യങ്ങളിൽ ശങ്കരാചാര്യർ അദ്വൈതദർശനത്തെ സമഗ്രമായി വിവരിക്കുന്നുണ്ടു്. പില്ക്കാലത്തു് ഇതേ പ്രസ്ഥാനത്രയത്തെ രാമാനുജാചാര്യർ വിശിഷ്ടാദ്വൈതപരമായും മാധ്വാചാര്യർ ദ്വൈതപരമായും വ്യാഖ്യാനിക്കുകയുണ്ടായി. മനുഷ്യാത്മാവു്, പ്രപഞ്ചം, ഈശ്വരൻ, മോക്ഷം മുതലായവയുടെ സ്വരൂപത്തെയും, മോക്ഷം നേടുന്നതിനുവേണ്ടി മനുഷ്യൻ അവലംബിക്കേണ്ട മാർഗത്തെയും സംബന്ധിച്ചു് തങ്ങൾ പുലർത്തുന്ന സവിശേഷ വീക്ഷണങ്ങളാണു് യഥാർത്ഥത്തിൽ ഉപനിഷത്തുകളിലും ബ്രഹ്മസൂത്രങ്ങളിലും ഭഗവദ്ഗീതയിലും പ്രതിപാദിച്ചിട്ടുള്ളതു് എന്നു കാണിക്കുകയായിരുന്നു ഈ വ്യത്യസ്ത ഭാഷ്യകാരന്മാരുടെ ഉദ്ദേശ്യം. ഒരേ ആഗമത്തെ, തങ്ങളുടേതായ യുക്തിപദ്ധതികളിലൂടെ, ഇവർ ഓരോരുത്തരും വ്യത്യസ്തവിധത്തിൽ സമീപിച്ചു.

പ്രസ്ഥാനത്രയത്തിൻെറ ഭാഷ്യങ്ങളിലൂടെ വിസ്തരിച്ചും ഉപദേശസാഹസ്രി, വിവേകചൂഡാമണി മുതലായ പ്രകരണഗ്രന്ഥങ്ങളിലൂടെ സംക്ഷിപ്തമാ

യും അദ്വൈതദർശനത്തെ ശങ്കരാചാര്യർ അവതരിപ്പിക്കുന്നു. ശങ്കരാദ്വൈതത്തിലെ പല സുപ്രധാന സങ്കല്പനങ്ങളും പിൽക്കാലത്തു് നിശിതങ്ങളായ നിരൂപണങ്ങൾക്കും വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്കും വിഷയങ്ങളാവുകയുണ്ടായി. അദ്വൈതദർശനത്തിന്റെ അതിസംക്ഷിപ്തവും ഉപരിപ്ലവവുമായ ഒരു വിവരണമാണു് ഇനിയങ്ങോട്ടു് നൽകുന്നതു്.

## മോക്ഷം എന്ന ലക്ഷ്യം

മനുഷ്യജീവിതത്തിന്റെ ലക്ഷ്യങ്ങളെ 'പുരുഷാർത്ഥങ്ങൾ' എന്നു് ഭാരതീയർ വിളിക്കുന്നു. ധർമം, അർത്ഥം, കാമം, മോക്ഷം എന്നിവയാണു് മിക്ക ഭാരതീയരും അംഗീകരിക്കുന്ന നാലു പുരുഷാർത്ഥങ്ങൾ. ഇവയിൽ നാലാമത്തേതായ മോക്ഷം മാത്രമാണു് നിത്യം എന്നു് ഉപനിഷത്തുകൾ പറയുന്നു (നസ പുനരാവർത്തതേ) അർത്ഥം, കാമം എന്ന രണ്ടു പുരുഷാർത്ഥങ്ങളും നശ്വരങ്ങളാണെന്ന അനുഭവം നമുക്കുണ്ടു്. ധർമവും നശ്വരമാണെന്നു്, 'തദ്യഥേഹ കർമചിതോ ലോകഃ ക്ഷീയതേ, ഏവമേവാമുത്ര പുണ്യചിതോലോകഃ ക്ഷീയതേ' എന്നു തുടങ്ങിയ ഉപനിഷദ്‌വാക്യങ്ങൾ പ്രസ്താവിക്കുന്നു. അതിനാൽ നിത്യമായ മോക്ഷമാണു് പരമമായ പുരുഷാർത്ഥം. അതു നേടുവാൻ യത്നിക്കുകയാണു് മനുഷ്യജീവിതത്തിന്റെ പാരത്രിക പ്രയോജനം.

മോക്ഷം കൈവരുന്നതു് ബ്രഹ്മജ്ഞാനംകൊണ്ടാകുന്നു. യഥാർത്ഥത്തിൽ ബ്രഹ്മജ്ഞാനംതന്നെയാണു് മോക്ഷം (ബ്രഹ്മവിദ്യാപ്നോതിപരം; ബ്രഹ്മവേദ ബ്രഹ്മൈവ ഭവതി).

'ബ്രഹ്മജ്ഞാനം' എന്നതിൽ 'ബ്രഹ്മം' എന്നും 'ജ്ഞാനം' എന്നും രണ്ടു ഘടകങ്ങൾ അടങ്ങിയിട്ടുണ്ടല്ലോ. ഇവയിൽ 'ബ്രഹ്മം' എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതെന്തു് എന്നു പിന്നീടു് പറയാം. 'ജ്ഞാനം' എന്നാൽ എന്തു് എന്നു് ആദ്യമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

## പ്രത്യക്ഷജ്ഞാനം

ജ്ഞാനത്തെപ്പററി സാമാന്യമായ ധാരണ നമുക്കെല്ലാമുണ്ടു്. പക്ഷേ, യഥാർത്ഥത്തിൽ ജ്ഞാനത്തിന്റെ രൂപം എന്താണു്? 'പ്രമ' (യഥാർത്ഥ ജ്ഞാനം) എന്നും 'ഭ്രമം' (അയഥാർത്ഥജ്ഞാനം) എന്നും ജ്ഞാനം രണ്ടുതരത്തിലുണ്ടു്. തെററു് ആണെന്നു പിന്നീടു് തെളിയാത്ത ജ്ഞാനം (അബാധിതാർത്ഥ വിഷയക ജ്ഞാനം) ആകുന്നു പ്രമ. പ്രമയെ ജനിപ്പിക്കുന്നതു് പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്ന ആറു പ്രമാണങ്ങൾ ആകുന്നു.

കണ്ണു്, ചെവി, മൂക്കു്, നാവു്, ത്വക്കു് എന്നീ ജ്ഞാനേന്ദ്രിയങ്ങളത്രേ 'പ്രത്യക്ഷം' എന്ന പ്രമാണം. ഈ ഇന്ദ്രിയങ്ങൾകൊണ്ടു കണ്ടും കേട്ടും ഉയിത്തും ഉണ്ടും തൊട്ടും പ്രപഞ്ചത്തെപ്പററിയുള്ള ജ്ഞാനം നാം നേടുന്നു. പക്ഷേ, ഇന്ദ്രിയങ്ങളിലൂടെ പല രൂപങ്ങളിൽ നമുക്കു് അനുഭവപ്പെടുന്നതും പല പേരുകളിൽ നാം വ്യവഹരിച്ചുവരുന്നതുമായ പ്രപഞ്ചം യഥാർത്ഥത്തിൽ ചൈതന്യാത്മകമായ ബ്രഹ്മംതന്നെയാണെന്നു് ഉപനിഷത്തുകൾ പറയുന്നു.

പ്രപഞ്ചത്തിലെ വസ്തുക്കളുമായി ഇന്ദ്രിയങ്ങൾക്കു ബന്ധം (സന്നികർഷം) ഉണ്ടാകുമ്പോൾ, ഇന്ദ്രിയങ്ങളിലൂടെ മനസ്സു് (അന്തഃകരണം) ആ വസ്തുക്കളിലെത്തി, അവയുടെ രൂപത്തിൽ പരിണമിക്കുന്നു (അവയായി മാറുന്നു). ഈ പരിണാമത്തെ 'വൃത്തി' എന്നു വിളിക്കുന്നു. അന്തഃകരണം ഇങ്ങനെ വിഷയം (ഇന്ദ്രിയ—ഗ്രാഹ്യവസ്തു) ആയി പരിണമിക്കുന്നതോടെ, വിഷയത്തിലെ ചൈതന്യവും (വിഷയാവച്ഛിന്ന ചൈതന്യവും), വൃത്തിയിലെ ചൈതന്യവും (വൃത്ത്യവച്ഛിന്ന ചൈതന്യവും), അന്തഃകരണാവച്ഛിന്ന ചൈതന്യവും (പ്രമാതൃ ചൈതന്യവും) ഒന്നായിത്തീരുന്നു. ഇതാണു് 'പ്രത്യക്ഷപ്രമ'. തടാകത്തിലെ

വെള്ളം ചീർപ്പിലൂടെ കടന്ന്, തോട്ടിലൂടെ വയലിൽ എത്തി, വയലിന്റെ ചതുഷ്കോണാദിരൂപങ്ങൾ സ്വീകരിക്കുന്നതുപോലെ, തേജോമയമായ അന്തഃകരണം ചക്ഷുരാദീന്ദ്രിയങ്ങളിലൂടെ ശരീരത്തിൽനിന്നു പുറത്തു കടന്ന് ഘടാദിവിഷയങ്ങളിൽചെന്ന് അവയുടെ ആകൃതിയിൽ പരിണമിക്കുന്നു. ഈ പരിണാമമാണ് അന്തഃകരണവൃത്തി. ഈ വൃത്തിയും, പ്രത്യക്ഷവിഷയമായ ഘടം മുതലായ വസ്തുക്കളും ഒരേ സ്ഥലത്തും ഒരേ കാലത്തിലും ആകയാൽ, വൃത്ത്യവച്ഛിന്നചൈതന്യവും വിഷയാവച്ഛിന്നചൈതന്യവും ഒന്നുതന്നെയാകുന്നു; അവ തമ്മിൽ ഭേദം അറിയപ്പെടുന്നില്ല. സുഖം, ദുഃഖം മുതലായവ അന്തഃകരണധർമങ്ങളാകുന്നു. മനസ്സ് ഇവയുടെ ആകാരത്തിൽ പരിണമിക്കുമ്പോൾ, അന്തഃകരണാവച്ഛിന്നചൈതന്യവും (പ്രമാതൃചൈതന്യവും) വൃത്ത്യവച്ഛിന്നചൈതന്യവും ഒരേ സമയത്ത് ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്നതിനാൽ, സുഖം, ദുഃഖം മുതലായവയുടെ പ്രത്യക്ഷജ്ഞാനം ഉണ്ടാകുന്നു.

ചൈതന്യം ഒന്നേ ഉള്ളു എന്ന് ഉപനിഷത്തുകൾ പറയുന്നു (ഏകമേവാദ്വിതീയം). വിഷയാവച്ഛിന്നചൈതന്യത്തിൽ ആരോപിതങ്ങളാണു വിഷയങ്ങൾ. അതായത്, ഘടാവച്ഛിന്നചൈതന്യത്തിൽ ഘടവും പടാവച്ഛിന്നചൈതന്യത്തിൽ പടവും രജ്ജുവിൽ സർപ്പംപോലെ ആരോപിക്കപ്പെട്ടിരിക്കുന്നു. വിഷയാവച്ഛിന്നചൈതന്യത്തിന്റെ സത്തയും (ഉണ്മയും) വിഷയത്തിന്റെ സത്തയും ഒന്നുതന്നെ. വിഷയാവച്ഛിന്ന ചൈതന്യവും അന്തഃകരണാവച്ഛിന്ന ചൈതന്യവും (പ്രമാതൃചൈതന്യവും) യഥാർത്ഥത്തിൽ ഭിന്നങ്ങളല്ല. അന്തഃകരണം വിഷയരൂപത്തിൽ പരിണമിക്കുമ്പോൾ വൃത്ത്യവച്ഛിന്നചൈതന്യവും പ്രമാതൃചൈതന്യവും വിഷയാവച്ഛിന്നചൈതന്യവും ഒന്നായിത്തീരുന്നു. ഈ ഒന്നായിത്തീരലാണു പ്രത്യക്ഷജ്ഞാനം.

വിഷയരൂപത്തിൽ അന്തഃകരണം പരിണമിക്കുന്നതാണ് 'വൃത്തി' എന്നു പറഞ്ഞുവല്ലോ. സംശയം, നിശ്ചയം, ഗർവ്വം, സ്മരണം എന്നിങ്ങനെ വൃത്തി നാലുവിധത്തിലുണ്ട്. സംശയം എന്ന വൃത്തി കൈക്കൊള്ളുമ്പോൾ അന്തഃകരണത്തെ 'മനസ്സ്' എന്നു വിളിക്കുന്നു. നിശ്ചയവൃത്തി കൈക്കൊള്ളുന്ന അന്തഃകരണമത്രേ 'ബുദ്ധി'. ഗർവവൃത്തിയിൽ അന്തഃകരണം 'അഹങ്കാരം' എന്നും സ്മരണവൃത്തിയിൽ 'ചിത്തം' എന്നും വിളിക്കപ്പെടുന്നു.

സവികല്പകമെന്നും നിർവികല്പകമെന്നും പ്രത്യക്ഷജ്ഞാനം രണ്ടു വിധമുണ്ട്. 'ഞാൻ കടം കാണുന്നു' എന്നതുപോലെ പല ഘടകങ്ങളെ (ഞാൻ, കടം, കാണൽ) പരസ്പരം ബന്ധപ്പെടുത്തുന്ന വൈശിഷ്ട്യാവഗാഹിയായ ജ്ഞാനം സവികല്പകമാകുന്നു. പരസ്പരബന്ധത്തെ വിഷയീകരിക്കാത്ത കേവലജ്ഞാനമാണു നിർവികല്പകം. ജീവാത്മ—പരമാത്മാക്കളുടെ ഐക്യം പ്രതിപാദിക്കുന്ന 'തത്ത്വമസി' എന്ന ശ്രുതിവാക്യംകൊണ്ടു ജനിക്കുന്നതു നിർവികല്പകജ്ഞാനമാകുന്നു. ജീവാത്മാവും പരമാത്മാവും വ്യത്യസ്ത വസ്തുക്കളല്ല എന്നതുതന്നെ കാരണം. 'തത്ത്വമസി' വാക്യംകൊണ്ട് ഉളവാകുന്ന ജ്ഞാനത്തിനു മറ്റൊരു സവിശേഷതകൂടിയുണ്ട്. ഈ ജ്ഞാനം ശബ്ദജന്യമാണ്. എങ്കിലും പ്രമാതൃചൈതന്യവും വിഷയചൈതന്യവും ഈ ജ്ഞാനത്തിൽ ഒന്നാകുന്നതിനാൽ ഇതു പ്രത്യക്ഷജ്ഞാനമാകുന്നു. പദാർത്ഥങ്ങളുടെ സംസർഗത്തെ (പരസ്പരബന്ധത്തെ) അവഗാഹനംചെയ്യാതെയുള്ള അഖണ്ഡാർത്ഥബോധമാണു 'തത്ത്വമസി' എന്ന വാക്യത്തിൽനിന്നു ജനിക്കുന്നത്.

## ജീവാത്മാവ്

അന്തഃകരണാവച്ഛിന്നചൈതന്യത്തെ 'ജീവൻ' എന്നു വിളിക്കുന്നു. ചൈതന്യം ഏകമെങ്കിലും, ഓരോ ശരീരിയിലും അന്തഃകരണം എന്ന ഉപാധി ഭിന്നമാകയാൽ അന്തഃകരണാവച്ഛിന്നചൈതന്യത്തിനും ഭേദം ഉളവാകുന്നു. ഈ അവച്ഛേദകഭേദം കാരണമാണു ജീവികൾ പരസ്പരം ഭിന്നരായിരിക്കുന്നത്.

ഒരാൾ ഘടത്തെ കാണുമ്പോൾ എല്ലാവർക്കും ഘടജ്ഞാനം ഉണ്ടാകാത്തതും ഈ ഭേദംകൊണ്ടുതന്നെ.

## മായ

'മായ' എന്ന അനാദിയായ അവിദ്യയെ അദ്വൈതവേദാന്തികൾ അംഗീകരിക്കുന്നു. മായാ—അവച്ഛിന്നചൈതന്യമത്രേ ഈശ്വരൻ. രജസ്സ്, സത്വം, തമസ്സ് എന്ന മൂന്നു ഗുണങ്ങൾ അടങ്ങിയതാണു മായ. ഈ ഗുണഭേദം ആസ്പദമാക്കി ഈശ്വരന് ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ നാമങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

പ്രപഞ്ചം അനാദിയാകുന്നു. പ്രപഞ്ചത്തിലെ ജീവികളുടെ കർമങ്ങളും അനാദികൾതന്നെ. ജീവികളുടെ കർമങ്ങളുടെ ശക്തിനിമിത്തം സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവ സംബന്ധിച്ച വൃത്തിവിശേഷങ്ങൾ ഈശ്വരന്റെ ഉപാധിയായ മായയിൽ ഉണ്ടാവുന്നു. (കാര്യാന്വയിയായ വിശേഷണത്തെ അവച്ഛേദകമെന്നും പരിചായകം മാത്രമായ വിശേഷണത്തെ ഉപാധിയെന്നും വേർതിരിച്ചു പറയുന്നു.) പ്രപഞ്ചചക്രം ഉരുളുന്നതു മായയിൽ ഉണ്ടാവുന്ന ഈ വൃത്തികൾ നിമിത്തമാണ്. ചുരുക്കത്തിൽ, ജീവികളുടെ കർമങ്ങളാണു മായയെ പ്രവർത്തിപ്പിച്ചു പ്രപഞ്ചത്തിന്റെ നിലനില്പിനു കാരണമാകുന്നത്.

## ഭ്രമം

തെററ് എന്നു പിന്നീടു തെളിയുന്ന ജ്ഞാനമാണു 'ഭ്രമം'. മങ്ങിയ വെട്ടത്തിൽ കയർകണ്ട് അതിനെ പാമ്പ് എന്നു ധരിക്കുന്നതു ഭ്രമമാകുന്നു. ഈ ഭ്രമം ഉണ്ടാകുമ്പോൾ കയറിൽ പ്രാതിഭാസികമായ സർപ്പം ഉളവാകുന്നു; ആ സർപ്പമാണു ദൃഷ്ടിക്കു ഗോചരമാകുന്നത് എന്നു വേദാന്തികൾ കരുതുന്നു. 'ഇതു സർപ്പം' എന്ന ഭ്രമം ഉണ്ടാകുന്നിടത്ത് 'ഇത്' എന്നു സർപ്പരൂപത്തിൽ ഒരു അന്തഃകരണവൃത്തി ഉണ്ടാകുന്നു. ആ വൃത്തിയിൽ 'ഇത്' എന്ന അംശത്തോടുകൂടിയ (അവച്ഛിന്നമായ) ചൈതന്യം (വിഷയചൈതന്യം) പ്രതിബിംബിക്കുന്നു. ഈ വിഷയചൈതന്യത്തോടു വൃത്ത്യവച്ഛിന്നചൈതന്യവും പ്രമാതൃചൈതന്യവും അഭിന്നങ്ങളായിത്തീരുന്നു. കയറിന്റെ കുടിലത മുതലായ ആകൃതിവിശേഷങ്ങൾകൊണ്ട് ഉണർന്ന ദ്രഷ്ടാവിന്റെ സർപ്പസംസ്കാരത്തിന്റെ സഹകരണത്തോടെ പ്രമാതൃചൈതന്യാഭിന്നമായ രജ്ജുചൈതന്യത്തിലുള്ള 'രജ്ജുത്വ'മെന്ന വിഷയത്തോടുകൂടിയ അവിദ്യ സർപ്പമെന്ന വസ്തുവായി പരിണമിക്കുന്നു. ഈ പരിണാമത്തെ 'വിവർത്തം' എന്നു വിളിക്കുന്നു. കാരണത്തോടു സമസത്തയുള്ള (കാര്യം ഉള്ളേടത്തു കാരണവും ഉള്ള) കാര്യം ജനിക്കുന്നതു പരിണാമം; കാരണത്തോടു വിഷമമായ സത്തയുള്ള (കാര്യം ഉള്ളേടത്തു കാരണം ഇല്ലാത്ത) കാര്യം ജനിക്കുന്നതു വിവർത്തം എന്നു പരിണാമവിവർത്തങ്ങളെ പരസ്പരം വ്യാവർത്തിപ്പിക്കാം. കുടം ഉള്ളപ്പോഴെല്ലാം മണ്ണും ഉള്ളതിനാൽ കുടം മണ്ണിന്റെ പരിണാമം. സർപ്പം ഉള്ളപ്പോഴെല്ലാം കയറുണ്ടെന്നു നിയമമില്ലാത്തതിനാൽ സർപ്പം കയറിന്റെ വിവർത്തം. രജ്ജുവിലെ സർപ്പം അവിദ്യയെ അപേക്ഷിച്ചു പരിണാമവും ചൈതന്യത്തെ അപേക്ഷിച്ചു വിവർത്തവും ആണെന്നും പറയാം. കാരണം, രജ്ജുസർപ്പം ഉള്ളപ്പോഴെല്ലാം അവിദ്യയുമുണ്ട്; പക്ഷേ, ചൈതന്യമുള്ളപ്പോഴെല്ലാം രജ്ജുസർപ്പം ഉണ്ടായിക്കൊള്ളണമെന്നില്ല.

'വിവർത്തം' എന്ന ഈ സങ്കല്പനം അദ്വൈതവേദാന്തത്തിൽ സുപ്രധാനമാണ്. കാരണം, ചൈതന്യാത്മകമായ ബ്രഹ്മമാണു സത്യമെന്നും ചൈതന്യത്തിന്റെ വിവർത്തം മാത്രമായ പ്രപഞ്ചം മിഥ്യയാണെന്നുമത്രേ അദ്വൈതസിദ്ധാന്തം. അങ്ങനെയെങ്കിൽ പ്രപഞ്ചത്തിലെ സർപ്പവും (വ്യാവഹാരികസർപ്പവും) മിഥ്യയാകയാൽ അതിനും രജ്ജുസർപ്പത്തിനും (പ്രാതിഭാസികസർപ്പത്തിനും) തമ്മിൽ എന്തു ഭേദം? അവ തമ്മിൽ ഭേദമില്ലെങ്കിൽ പ്രമാജ്ഞാനത്തിനും ഭ്രമജ്ഞാനത്തിനും തമ്മിൽ എന്താണു വ്യത്യാസം?

വ്യാവഹാരികസർപ്പത്തിനു താരതമ്യേന ദീർഘകാലം നിലനിൽപ്പുണ്ട്. വെളിച്ചത്തിൽ കയർ കാണുന്ന നിമിഷത്തിൽ പ്രാതിഭാസികസർപ്പം ഇല്ലാതാവുന്നു. വ്യാവഹാരിക പ്രപഞ്ച പ്രതീതിക്ക് അവിദ്യ മാത്രമാണു കാരണം. പ്രാതിഭാസികപദാർത്ഥങ്ങളുടെ പ്രതീതിക്കാകട്ടെ മന്ദാന്ധകാരം മുതലായ ദോഷങ്ങളും കാരണമാണ്. ഇങ്ങനെ വ്യാവഹാരിക—പ്രാതിഭാസിക പദാർത്ഥങ്ങളെയും പ്രമാജ്ഞാന—ഭ്രമജ്ഞാനങ്ങളെയും വേർതിരിക്കണം. ഭ്രമസ്ഥലത്തു പ്രാതിഭാസിക പദാർത്ഥങ്ങൾപോലെ, സ്വപ്നസ്ഥലത്തു സ്വാപ്നപദാർത്ഥങ്ങളും സൃഷ്ടിക്കപ്പെടുന്നതായി അദ്വൈതവേദാന്തികൾ കരുതുന്നു. അതായതു്, സ്വാപ്നപദാർത്ഥങ്ങളും പ്രാതിഭാസികങ്ങൾതന്നെ; അവ അന്തഃകരണത്തിന്റെ പരിണാമങ്ങളും ചൈതന്യത്തിൽ അധ്യസ്തങ്ങളുമാകുന്നു.

പ്രപഞ്ചം മിഥ്യയാണെന്നു സ്ഥാപിക്കാനും ഉദാഹരിക്കാനും ആഗമവാക്യങ്ങൾക്കു പുറമെ അദ്വൈതവേദാന്തികൾ ആശ്രയിക്കുന്നതു പ്രാതിഭാസികതയെ ആകുന്നു.

പ്രത്യക്ഷജ്ഞാനത്തെ ഇന്ദ്രിയജന്യമെന്നും ഇന്ദ്രിയ അജന്യമെന്നും രണ്ടു വിധത്തിൽ വിഭജിക്കാം. കണ്ണും ചെവിയും വിഷയമിരിക്കുന്ന സ്ഥലത്തു് അങ്ങോട്ടുചെന്നു വിഷയത്തെ ഗ്രഹിക്കുന്നതായി അദ്വൈതികൾ കരുതുന്നു. മൂക്ക്, നാവ്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങൾ ശരീരത്തിൽ സ്ഥിതിചെയ്തുകൊണ്ടു് അവയിൽ വന്നുചേരുന്ന വിഷയത്തെ അറിയുന്നു. മനസ്സ് ഇന്ദ്രിയമല്ല. എങ്കിലും, അതു സുഖ—ദുഃഖാദികളെ അറിയുന്നു. അതിനാൽ സുഖ—ദുഃഖാദി പ്രത്യക്ഷം ഇന്ദ്രിയ—അജന്യമാകുന്നു.

## അനുമിതി

പ്രത്യക്ഷേതരമായ (പരോക്ഷമായ) ജ്ഞാനത്തെ ജനിപ്പിക്കുന്നവയാണ് അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്നീ പ്രമാണങ്ങൾ.

പർവതത്തിൽ പുക കണ്ടു് അവിടെ തീയുണ്ടെന്നു് അറിയുന്നതാണ് അനുമിതി എന്ന ജ്ഞാനം. 'പുകയുള്ളേടത്തെല്ലാം തീയുമുണ്ടു്' എന്ന വ്യാപ്തിജ്ഞാനമാണ് അനുമിതിയെ ജനിപ്പിക്കുന്നതു്. ഈ വ്യാപ്തിജ്ഞാനത്തെ 'അനുമാനപ്രമാണം' എന്നു പറയുന്നു. 'പർവതത്തിൽ തീയുണ്ടു്' എന്ന അനുമിതിയിൽ പർവതം പ്രത്യക്ഷഗോചരമാണ്; തീ മാത്രമേ അനുമിതിവിഷയമാകുന്നുള്ളു.

ബ്രഹ്മം ഒഴികെയുള്ള പ്രപഞ്ചം മുഴുവൻ മിഥ്യയാണെന്നു സ്ഥാപിക്കുന്നതിനു് അദ്വൈതവേദാന്തികൾ ആഗമത്തെ എന്നപോലെ അനുമിതിയേയും ആശ്രയിക്കുന്നു. 'ബ്രഹ്മമല്ലാത്തതെല്ലാം മിഥ്യയാകുന്നു; ബ്രഹ്മഭിന്നമായതുകൊണ്ടു് രജ്ജുസർപ്പംപോലെ' എന്നാണ് ഇവിടെ അനുമിതിയുടെ ശാബ്ദരൂപം.

താൻ ഏതിലെല്ലാം ഇരിക്കുന്നതായി കരുതപ്പെടുന്നുവോ അതിലൊന്നും ഇല്ലാതിരിക്കുന്നതത്രേ 'മിഥ്യ'. (സ്വാശ്രയത്വേനാഭിമതയാവന്നിഷ്ഠാത്യന്താഭാവപ്രതിയോഗിത്വം മിഥ്യാത്വം.) പ്രപഞ്ചത്തിലെ വസ്തുക്കൾ അവയുടെ കാരണങ്ങളിൽ ഇരിക്കുന്നതായി നാം കരുതുന്നു. ഉദാഹരണത്തിനു്, വസ്ത്രം നൂലിൽ ഇരിക്കുന്നതായി നാം കാണുന്നു. എങ്കിലും, ബ്രഹ്മഭിന്നമായതുകൊണ്ടു വസ്ത്രം മിഥ്യയാണ്. 'ഈ വസ്ത്രം വസ്ത്രമായതിനാൽ, ഈ നൂലിലില്ല; മറ്റേ വസ്ത്രം ഈ നൂലിൽ ഇല്ലാത്തതുപോലെ' എന്ന വിധത്തിലുള്ള വിശേഷാനുമിതികൾകൊണ്ടും പ്രപഞ്ചമിഥ്യാത്വം സമർത്ഥിക്കാം. വസ്ത്രം മിഥ്യയെങ്കിൽ 'വസ്ത്രം ഉണ്ടു്' (സൻപടഃ) എന്ന സത്തയുടെ പ്രത്യക്ഷജ്ഞാനം എങ്ങനെയുണ്ടാകുന്നു? വസ്ത്രം എന്ന പ്രതിഭാസത്തിന്റെ അധിഷ്ഠാനമായ ബ്രഹ്മത്തിന്റെ സത്ത(ഉണ്മ)യാണ് ആ പ്രത്യക്ഷത്തിൽ വിഷയീഭവിക്കുന്നതു്. 'രൂപമില്ലാ

ത്ത ബ്രഹ്മത്തെ എങ്ങനെ കണ്ണുകൊണ്ടു കാണുന്നു?' എന്ന ചോദ്യത്തിനു്, 'രൂപമില്ലാത്ത കാലത്തെ കാണുന്നതുപോലെ' എന്നു് അദ്വൈതി ഉത്തരം നൽകുന്നു. പാരമാർത്ഥികം, വ്യാവഹാരികം, പ്രാതിഭാസികം എന്നു സത്ത (ഉണ്മ) മൂന്നു വിധമുണ്ടെന്നും 'വസ്ത്രം ഉണ്ടു്' എന്ന പ്രത്യക്ഷജ്ഞാനത്തിൽ വ്യാവഹാരികമായ സത്തയാണു വിഷയീഭവിക്കുന്നതെന്നും 'പ്രപഞ്ചം മിഥ്യ' എന്നു പറയുമ്പോൾ പ്രപഞ്ചത്തിൽ നിഷേധിക്കപ്പെടുന്നതു പാരമാർത്ഥികമായ സത്ത മാത്രമാണെന്നും, മറ്റൊരു വിധത്തിലും ഈ ചോദ്യത്തിനു് ഉത്തരം പറയാം. 'താൻ ഏതിലെല്ലാം ഇരിക്കുന്നതായി കരുതപ്പെടുന്നുവോ അതിലൊന്നും പരമാർത്ഥത്തിൽ ഇല്ലാത്തതു്' എന്നാണു് ഈ പക്ഷത്തിൽ മിഥ്യാത്വലക്ഷണം. (സ്വാശ്രയത്വേനാഭിമതയാവന്നിഷ്ഠ പാരമാർത്ഥികത്വാവച്ഛിന്നപ്രതിയോഗിതാകാത്യന്താഭാവപ്രതിയോഗിത്വം മിഥ്യാത്വം.)

ഒരു സാദൃശ്യജ്ഞാനത്തിൽനിന്നു് ഉളവാകുന്ന മറ്റൊരു സാദൃശ്യജ്ഞാനത്തെ 'ഉപമിതി' എന്നു പറയുന്നു. 'കാളയെപ്പോലെയാണു് കാട്ടുകാള' (ഗവയം) എന്നു മനസ്സിലാക്കിയ ഒരാൾ വനത്തിൽച്ചെന്നു കാട്ടുകാളയെ കാണുന്നു. 'ഈ മൃഗം കാളയെപ്പോലെയാണു്' എന്ന പ്രത്യക്ഷജ്ഞാനം അയാൾക്കു് ഉണ്ടാകുന്നു. ഇതിൽനിന്നു് 'എന്റെ കാള ഈ കാട്ടുകാളയെപ്പോലെയാണു്' എന്ന മറ്റൊരു സാദൃശ്യജ്ഞാനം അയാളിൽ ഉളവാകുന്നു. ആദ്യം ഉണ്ടായ സാദൃശ്യപ്രത്യക്ഷം ഉപമാനപ്രമാണവും, അതിൽനിന്നുണ്ടായ രണ്ടാമത്തെ സാദൃശ്യജ്ഞാനം ഉപമിതിയുമാകുന്നു.

## ശാബ്ദജ്ഞാനം

ശബ്ദത്തിൽനിന്നു് ഉളവാകുന്ന ജ്ഞാനമാണു് ശാബ്ദജ്ഞാനം. ഏതു വാക്യത്തിന്റെ അർത്ഥം തെറ്റു് എന്നു പിന്നീടു് തെളിയുന്നില്ലയോ, ആ വാക്യം പ്രമാണമാകുന്നു. ഒരു കാര്യം ചെയ്യാൻ പ്രേരിപ്പിക്കുന്ന വാക്യങ്ങൾക്കെന്നപോലെ മറ്റൊരു പ്രമാണംകൊണ്ടു് അറിയപ്പെടാത്ത വസ്തുതത്ത്വത്തെ വിവരിക്കുന്ന വാക്യങ്ങൾക്കും പ്രാമാണ്യമുണ്ടു്. അതിനാൽ, 'സ്വർഗം ആഗ്രഹിക്കുന്നവൻ യാഗംചെയ്യണം' (സ്വർഗകാമോ യജേത) എന്ന വിധത്തിലുള്ള വിധിവാക്യങ്ങൾപോലെ, ബ്രഹ്മത്തെപ്പറ്റി പറയുന്ന വേദാന്തവാക്യങ്ങളും പ്രമാണങ്ങളാകുന്നു. വേദം കേവലനിത്യമല്ല; അതു ബ്രഹ്മത്തിൽനിന്നു് ഉത്ഭവിച്ചതാണെന്നു് വേദംതന്നെ പറയുന്നു. (അസ്യ മഹതോ ഭൂതസ്യ നിശ്വസിതമേതദ്, യദൃഗ്വേദോ യജുർവേദഃ സാമവേദോ/ഥർവവേദഃ). സൃഷ്ടികാലത്തു് ഉത്ഭവിച്ച വേദങ്ങൾ പ്രളയകാലത്തു നശിക്കുന്നു. ഇടക്കാലത്തു് ഉച്ചരിക്കാത്തപ്പോൾ വേദങ്ങൾ (അവയിലെ വർണങ്ങൾ) അഭിവ്യക്തങ്ങളാകുന്നില്ല എന്നേയുള്ളൂ; ഇരുട്ടിൽ കുടം മുതലായ വസ്തുക്കൾ വ്യക്തമാകാത്തതുപോലെ. അങ്ങനെ ആപേക്ഷികനിത്യത്വം ശബ്ദത്തിനു് (വർണങ്ങൾക്കു്) അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ വേദങ്ങൾ ക്ഷണികങ്ങളുമല്ല; പൂർവസർഗത്തിലുണ്ടായിരുന്ന വേദങ്ങളെ പ്രളയം കഴിഞ്ഞു വരുന്ന സൃഷ്ടിയുടെ പ്രാരംഭത്തിൽ ഈശ്വരൻ പഴയപടി പുനഃസൃഷ്ടിക്കുന്നു. മഹാഭാരതാദികളാകട്ടെ പൂർവസർഗത്തിലെ അവയുടെ ഉച്ചാരണത്തെ കണക്കിലെടുക്കാതെ നിർമിക്കപ്പെട്ടവയാണു്; അതിനാൽ പൗരുഷേയങ്ങളുമാണു്. പൗരുഷേയങ്ങളായ ആഗമങ്ങളത്രേ സ്മൃതികൾ; ശ്രുതികൾ അപൗരുഷേയങ്ങളായ ആഗമങ്ങളും.

'തടിച്ച ദേവദത്തൻ പകൽ ഭക്ഷണം കഴിക്കുന്നില്ല' എന്ന വാക്യം കേട്ടു് 'ദേവദത്തൻ രാത്രി ഭക്ഷണം കഴിക്കുന്നു' എന്നു സങ്കല്പിക്കുന്നതു് അർത്ഥാപത്തിജ്ഞാനമാകുന്നു. ഉപപാദ്യജ്ഞാനംകൊണ്ടു് ഉപപാദകജ്ഞാനം കല്പിക്കുന്നതു് അർത്ഥാപത്തി എന്നു് അതിന്റെ നിർവചനം. ഇവിടെ ഉപപാദ്യമായ ശരീരപുഷ്ടിയുടെ ജ്ഞാനത്തിൽനിന്നു് ഉപപാദകമായ ഭക്ഷണത്തിന്റെ ജ്ഞാനം കല്പിക്കപ്പെടുന്നു.

'നിലത്തു് കുടം ഇല്ല' എന്നതു് ഒരു പ്രത്യക്ഷജ്ഞാനമാണെന്നും ഇല്ലായ്മയെ (അഭാവത്തെ) അറിയുന്നതിനുള്ള പ്രമാണമാണു് 'അനുപലബ്ധി' (പ്രതീതിയില്ലായ്മ) എന്നും വേദാന്തികൾ കരുതുന്നു.

പ്രത്യക്ഷം, അനുമിതി, ഉപമിതി, ശാബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്ന ആറുതരം ജ്ഞാനങ്ങളും ജ്ഞാനത്തെ അപ്രമാണമാക്കുന്ന ദോഷങ്ങൾ ഇല്ലെങ്കിൽ സ്വയം പ്രമാണങ്ങളാകുന്നു. പ്രമാണങ്ങളെന്നു് സ്വയമേവ അറിയപ്പെടുകയും ചെയ്യുന്നു.

വ്യാവഹാരികതത്ത്വത്തെ അറിയിക്കുക, പാരമാർത്ഥികതത്ത്വത്തെ അറിയിക്കുക എന്നിങ്ങനെ പ്രമാണങ്ങളുടെ പ്രാമാണ്യം രണ്ടുവിധം. ബ്രഹ്മം ഒഴികെ മറ്റെല്ലാറ്റിനെയുംകുറിച്ചു് അറിവു തരുന്ന പ്രമാണങ്ങൾക്കു് വ്യാവഹാരിക പ്രാമാണ്യം ആണു് ഉള്ളതു്. ജീവ-ബ്രഹ്മ-ഐക്യ പ്രതിപാദകങ്ങളായ ശ്രുതിവാക്യങ്ങൾക്കു മാത്രമേ പാരമാർത്ഥിക പ്രാമാണ്യം ഉള്ളു. 'തത്ത്വമസി' മുതലായ വാക്യങ്ങളിൽനിന്നു് ഉളവാകുന്ന ജീവ-ബ്രഹ്മ-ഐക്യ ജ്ഞാനത്തിനു് ഒരു കാലത്തും ബാധയില്ല. അതിനാൽ ആ ജ്ഞാനം പാരമാർത്ഥികം ആകുന്നു.

## ബ്രഹ്മം

'തത്ത്വമസി' എന്ന വാക്യത്തിൽ 'തത്' എന്ന പദത്തിനു് 'ബ്രഹ്മം' എന്നു് അർത്ഥമാകുന്നു. സത്യം, ജ്ഞാനം, അനന്തം, വിജ്ഞാനം, ആനന്ദം മുതലായവ ബ്രഹ്മത്തിന്റെ ലക്ഷണങ്ങളാണു്. സ്വരൂപലക്ഷണമെന്നും തടസ്ഥലക്ഷണമെന്നും ലക്ഷണം രണ്ടുവിധമുണ്ടു്. സത്യ-ജ്ഞാന ആനന്ദാദികൾ ബ്രഹ്മസ്വരൂപം തന്നെ ആകയാൽ സ്വരൂപലക്ഷണങ്ങളാകുന്നു. എന്നും നിലനില്ക്കുന്നില്ലെങ്കിലും തല്ക്കാലം ഇതര വ്യാവർത്തനത്തിനു് ഉപയുക്തമായ ലക്ഷണമത്രേ തടസ്ഥലക്ഷണം. ജഗജ്ജന്മസ്ഥിതിലയകർത്തൃത്വം (ജന്മാദ്യസ്യ യതഃ) ബ്രഹ്മത്തിന്റെ തടസ്ഥലക്ഷണം ആകുന്നു. കർത്തൃത്വമെന്നാൽ, ഉപാദാനങ്ങളുടെ അപരോക്ഷജ്ഞാനം, ചികീർഷ, കൃതി (പ്രയത്നം) എന്നിവ ഉണ്ടായിരിക്കൽ എന്നു് അർത്ഥം. ഈശ്വരനു് (ബ്രഹ്മത്തിനു്) പ്രപഞ്ചോപാദാനങ്ങളെപ്പറ്റി അറിവുണ്ടെന്നു് 'യഃ സർവജ്ഞഃ സർവവിദ്' എന്ന ശ്രുതിയും ചികീർഷയുണ്ടെന്നു് 'സോഽകാമയത, ബഹുസ്യാം പ്രജായേയ' എന്ന ശ്രുതിയും, കൃതി (പ്രയത്നം) ഉണ്ടെന്നു് 'തന്മനോഽകുരുത' മുതലായ ശ്രുതികളും പറയുന്നു. 'യതോവാ ഇമാനി ഭൂതാനി ജായന്തേ, യേന ജാതാനി ജീവന്തി യത് പ്രയന്ത്യഭിസംവിശന്തി' എന്ന ഉപനിഷദ് വാക്യത്തിൽ ഈശ്വരന്റെ (ബ്രഹ്മത്തിന്റെ) ജഗൽകാരണത്വം പറയപ്പെട്ടിരിക്കുന്നു.

കുടത്തിന്റെ ഉപാദാനകാരണമാണു് മണ്ണു്. പ്രപഞ്ചം മായയുടെ പരിണാമമാകയാൽ മായ പ്രപഞ്ചത്തിന്റെ ഉപാദാനകാരണമാകുന്നു. പ്രപഞ്ചവിഭ്രമത്തിന്റെ അധിഷ്ഠാനം ബ്രഹ്മമാകയാൽ ബ്രഹ്മത്തെയും പ്രപഞ്ചത്തിന്റെ ഉപാദാനകാരണമെന്നു പറയാറുണ്ടു്. ഇവിടെ ഉപാദാനം എന്നതിനു്, 'ജഗദധ്യാസാധിഷ്ഠാനം' എന്നോ ജഗദാകാരപരിണമമാനമായാധിഷ്ഠാനം എന്നോ അർത്ഥം. ഈ അർത്ഥത്തിലാണു് 'ഇദം സർവം യദയമാത്മാ', 'സച്ചത്യച്ചാഭവൽ', 'ബഹുസ്യാം പ്രജായേയ' തുടങ്ങിയ ശ്രുതിവാക്യങ്ങളിൽ ബ്രഹ്മത്തിനും പ്രപഞ്ചത്തിനും താദാത്മ്യം പ്രതിപാദിച്ചിട്ടുള്ളതു്. പ്രപഞ്ചത്തിലുള്ള വസ്തുക്കൾ ഉള്ളവ എന്നും അറിയപ്പെടുന്നവ എന്നും ഇഷ്ടപ്പെട്ടവ എന്നും (അസ്തിഭാതിപ്രിയം) തോന്നുന്നതു് സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മം അവയിൽ ആരോപിക്കപ്പെട്ടിരിക്കുകയാലാണു്. അനിഷ്ടവസ്തുക്കളിൽ ബ്രഹ്മത്തിന്റെ ആനന്ദാംശം ആരോപിക്കപ്പെടുന്നില്ല. പ്രപഞ്ചത്തിലെ വസ്തുക്കളിലെ നാമവും രൂപവും അവിദ്യയുടെ പരിണാമങ്ങളാണു്. സത്ത, ഭാനം, പ്രിയത്വം നാമം, രൂപം എന്ന അഞ്ചു് അംശങ്ങൾ പ്രായേണ എല്ലാ വ്യാവഹാരികാനുഭവങ്ങളിലും അടങ്ങിയിരിക്കുന്നു.

# പ്രപഞ്ചസൃഷ്ടി

അദ്വൈതവേദാന്തികളുടെ സങ്കല്പത്തിലുള്ള പ്രപഞ്ചസൃഷ്ടിക്രമം താഴെ ചേർക്കും വിധമാണ്:

അപരിമിതങ്ങളും അനിർവചനീയങ്ങളുമായ ശക്തികൾ അടങ്ങിയ മായയോടുകൂടിയ ഈശ്വരൻ, താൻ സൃഷ്ടിക്കാൻ പോകുന്ന പ്രപഞ്ചത്തിന്റെ വൈചിത്ര്യത്തിനു കാരണമായ അനന്തകോടി ജീവികളുടെ കർമങ്ങളുടെ സഹകരണത്തോടെ സൃഷ്ടിയുടെ പ്രാരംഭത്തിൽ നാമരൂപാത്മകമായ പ്രപഞ്ചത്തെ മുഴുവൻ തന്റെ ബുദ്ധിയിൽ കണ്ടു 'ഞാൻ ഇതു് ഉണ്ടാക്കാൻ പോകുന്നു' എന്നു സങ്കല്പിക്കുന്നു. സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളുള്ള മായയെ ഉപാദാനമായി സ്വീകരിച്ച്, ആകാശം, വായു, തേജസ്സ്, ജലം, പൃഥിവി എന്നീ പഞ്ചഭൂതങ്ങളുടെ സൂക്ഷ്മരൂപങ്ങളായ തന്മാത്രങ്ങളെ സൃഷ്ടിക്കുന്നു. അവയിൽ ആകാശത്തിനു ശബ്ദമെന്ന ഒരു ഗുണമേ ഉള്ളൂ. വായുവിൽ ശബ്ദവും സ്പർശവുമുണ്ടു്. തേജസ്സിൽ ശബ്ദം, സ്പർശം, രൂപം എന്ന മൂന്നു ഗുണങ്ങളും ജലത്തിൽ ഇവയ്ക്കു പുറമെ നാലാമതു് രസമെന്ന ഗുണവും പൃഥിവിയിൽ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്ന അഞ്ചു ഗുണങ്ങളും അടങ്ങിയിരിക്കുന്നു.

സത്വഗുണത്തിൽനിന്നു് ഉളവായ ഈ പഞ്ചഭൂതങ്ങൾ ഒററയ്ക്കൊററയ്ക്കു ക്രമത്തിൽ ചെവി, ത്വക്ക്, കണ്ണ്, നാവ്, മൂക്ക്, എന്നീ ഇന്ദ്രിയങ്ങൾക്കു ജന്മം നല്കുന്നു. സാത്വിക പഞ്ചഭൂതങ്ങൾ പരസ്പരം കലർന്നു മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നിവയായി പരിണമിക്കുന്നു. രജോഗുണത്തിൽനിന്നു് ഉളവായ പഞ്ചഭൂതങ്ങളിൽനിന്നു് ഒററയ്ക്കൊററയ്ക്കു യഥാക്രമം വാക്ക് (ഉച്ചാരണാവയവങ്ങൾ), കൈ, കാൽ, ഉപസ്ഥം, ഗുദം എന്നീ കർമേന്ദ്രിയങ്ങൾ ഉണ്ടാകുന്നു. ഇതേ പഞ്ചഭൂതങ്ങൾ പരസ്പരം കലർന്നു് പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ അഞ്ചു പ്രാണങ്ങൾ ആയിത്തീരുന്നു. തമോഗുണത്തിൽനിന്നു് ഉളവായ പഞ്ചഭൂതങ്ങൾ പകുതി (അതായതു് എട്ടിൽ നാലു് അംശം) അതാതു ഭൂതങ്ങളും എട്ടിൽ ഒരംശം വീതം മററു നാലു ഭൂതങ്ങളും ഇടകലർന്നു് ആകാശം മുതലായ നമ്മുടെ നിത്യാനുഭവത്തിനു വിഷയങ്ങളാകുന്ന സ്ഥൂലപഞ്ചഭൂതങ്ങളായിത്തീരുന്നു. നാം കാണുന്ന പൃഥിവിയിൽ പകുതി പൃഥിവിയും മറേറ പകുതിയുടെ നാലിലൊരംശം വീതം ജലം, തേജസ്സ്, വായു, ആകാശം എന്നിവയുമാകുന്നു. ഇതുപോലെ സ്ഥൂലങ്ങളായ ജലാദികളും കലർപ്പുള്ളവതന്നെ. ഭൂതങ്ങളുടെ ഈ കലർപ്പാണു് 'പഞ്ചീകരണം'. കലർപ്പില്ലാത്ത (ശുദ്ധങ്ങളായ) പഞ്ചഭൂതങ്ങളിൽനിന്നു് ഉണ്ടാകുന്ന അഞ്ചു പ്രാണങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയാണു് ജീവികളുടെ 'ലിംഗശരീരം' അഥവാ 'സൂക്ഷ്മശരീരം'. ഓരോ ജീവിയും തന്റെ ലിംഗശരീരത്തെ ജന്മ–മരണങ്ങളിലൂടെ, മോക്ഷപര്യന്തം, നിലനിർത്തുന്നു. ലിംഗശരീരത്തെ 'അഹങ്കാരം' എന്നും പറയാറുണ്ടു്. ഓരോ ജീവിക്കും വെവ്വേറെ ഓരോ ലിംഗശരീരം ഉള്ളതുപോലെ ജീവസമഷ്ടിയായ ഹിരണ്യഗർഭനും—ആദിമജീവനും— ഉണ്ടു് ഒരു ലിംഗശരീരം. ഇതിനെ 'മഹത്തത്ത്വം' എന്നു വിളിക്കുന്നു.

പരസ്പരം കലർന്നവയും (പഞ്ചീകൃതങ്ങളും) തമോഗുണജന്യങ്ങളുമായ പഞ്ചഭൂതങ്ങളിൽനിന്നു പതിന്നാലു ലോകങ്ങൾ ഉൾക്കൊള്ളുന്ന ബ്രഹ്മാണ്ഡവും അതിലെ ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജ്ജം എന്ന നാലു വിധത്തിലുള്ള ജന്തു–കീട–സസ്യങ്ങളുടെ സ്ഥൂലദേഹങ്ങളും ഉണ്ടാകുന്നു. പഞ്ചഭൂതങ്ങളുടെ തന്മാത്രങ്ങൾ, ലിംഗശരീരങ്ങൾ, ഹിരണ്യഗർഭന്റെ സ്ഥൂലശരീരം എന്നിവ ഈശ്വരൻ സൃഷ്ടിക്കുന്നു. പ്രപഞ്ചത്തിലെ മററു വസ്തുക്കളെ സൃഷ്ടിക്കുന്നതു് ഹിരണ്യഗർഭനത്രെ.

## പ്രളയം

സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ വിനാശമാണ് പ്രളയം. നിത്യം, പ്രാകൃതം, നൈമിത്തികം, ആത്യന്തികം എന്നു പ്രളയം നാലു വിധമുണ്ട്. ജീവികളുടെ ഉറക്കമാണ് നിത്യപ്രളയം. ആ സമയത്തു ജീവികളുടെ ധർമ്മ–അധർമ്മങ്ങളും പൂർവ സംസ്കാരങ്ങളും നിലനില്ക്കുന്നു. അതിനാലാണ് ഉറക്കമുണർന്നവൻ സുഖദുഃഖാദികൾ അനുഭവിക്കുന്നതും ഓർമിക്കുന്നതും. അന്തഃകരണത്തിന്റെ ജ്ഞാനശക്തി ഉറക്കത്തിൽ നശിക്കുന്നു; എങ്കിലും ക്രിയാശക്തി നിലനില്ക്കുന്നു. അതിനാലത്രേ ഉറങ്ങുന്നവന്റെ ശ്വാസോച്ഛ്വാസങ്ങളും മറ്റും തുടരുന്നത്. 'യദാ സുപ്തഃസ്വപ്നം നകഞ്ചന പശ്യതി, അഥാസ്മിൻ പ്രാണേ ഏകധാ ഭവതി' തുടങ്ങിയ ഉപനിഷദ്‌വാക്യങ്ങളാണ് സുഷുപ്തി സംബന്ധിച്ച ഈ ധാരണകൾക്ക് ആധാരം.

ആയിരം ചതുര്യുഗങ്ങൾ കഴിയുമ്പോൾ ഹിരണ്യഗർഭന്റെ ഒരു പകൽ അവസാനിക്കുന്നു. പിന്നീട് അത്രയും കാലം ഹിരണ്യഗർഭന്റെ രാത്രിയാണ്. ആ സമയത്ത് സ്വർഗം, ഭൂമി, പാതാളം എന്നീ ലോകങ്ങൾ നശിക്കുന്നു. ഇതാണ് നൈമിത്തികപ്രളയം. ഇതു കഴിഞ്ഞാൽ പഴയതുപോലെ സൃഷ്ടിചക്രം വീണ്ടും ആരംഭിക്കുന്നു

സൃഷ്ടിക്കപ്പെട്ടതെല്ലാം പ്രകൃതിയിൽ(മായയിൽ)ലയിക്കുന്നതത്രേ പ്രാകൃതപ്രളയം. ഈ സമയത്ത് ഹിരണ്യഗർഭനും ഹിരണ്യഗർഭന്റെ ലോകത്തിലുള്ളവർക്കും വിദേഹവൈകല്യം കൈവരുന്നു

ബ്രഹ്മസാക്ഷാത്കാരം നേടി എല്ലാ ജീവികളും മോക്ഷം പ്രാപിക്കുന്നതാണ് നാലാമത്തേതായ ആത്യന്തികപ്രളയം. സൃഷ്ടിക്രമത്തിനു നേരെ വിപരീത ദിശയിലാണ് പ്രളയം സംഭവിക്കുന്നത്. സൃഷ്ടി–പ്രളയങ്ങളെ സംബന്ധിച്ച ഉപനിഷദ്‌വാക്യങ്ങൾക്ക് യഥാർത്ഥത്തിൽ താല്പര്യം പ്രപഞ്ചപ്രക്രിയയെ വിവരിക്കലല്ല; ബ്രഹ്മത്തിന്റെ അദ്വയസ്വഭാവം സ്പഷ്ടമാക്കലാണ്.

ചൈതന്യം (ബ്രഹ്മം) ഏകമാകുന്നു. അതു വ്യാപകമായ അവിദ്യയിൽ (മായയിൽ) പ്രതിബിംബിക്കുമ്പോൾ 'ഈശ്വരൻ' എന്നും പരിച്ഛിന്നമായ അന്തഃകരണത്തിൽ പ്രതിബിംബിക്കുമ്പോൾ 'ജീവൻ' എന്നും പറയപ്പെടുന്നു എന്നു ചില അദ്വൈതികൾ കരുതുന്നു. ഈ പക്ഷത്തിൽ അന്തഃകരണത്തിന്റെ ദോഷങ്ങൾ ജീവനിൽ പ്രതിഫലിക്കുന്നതുപോലെ അവിദ്യയുടെ ദോഷങ്ങൾ ഈശ്വരനിലും പ്രതിഫലിക്കുമെന്ന തകരാറുണ്ട്. അതിനാൽ, ചൈതന്യത്തിന്റെ ബിംബമാണ് പ്രതിബിംബമല്ല, ഈശ്വരൻ എന്നും അവിദ്യയിലോ അന്തഃകരണങ്ങളിലോ ഉള്ള ചൈതന്യത്തിന്റെ പ്രതിബിംബം ജീവൻ ആണെന്നും മറ്റു ചിലർ കരുതുന്നു.

ഈശ്വരൻ (ബ്രഹ്മം) ഒന്നേ ഉള്ളൂ. ജീവനോ? ജീവൻ ഒന്നാണെന്നു കരുതുന്നവരും പലതാണെന്നു കരുതുന്നവരും ഉണ്ട്. ഒന്നാണെന്നു കരുതുന്നവരുടെ അഭിപ്രായത്തിൽ അവിദ്യയിൽ പ്രതിബിംബിച്ച ചൈതന്യമാണു ജീവൻ; പലതാണെന്നു കരുതുന്നവരുടെ അഭിപ്രായത്തിൽ, അന്തഃകരണങ്ങളിൽ ചൈതന്യം പ്രതിബിംബിക്കുന്നതാണ് ജീവൻ. രണ്ടുവിധത്തിലായാലും ജീവനു ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നു മൂന്ന് അവസ്ഥകൾ ഉണ്ട്.

## അവസ്ഥാത്രയം

ഇന്ദ്രിയജന്യങ്ങളായ ജ്ഞാനങ്ങൾ ഉള്ള അവസ്ഥയാണ് ജാഗ്രദവസ്ഥ. അറിയപ്പെടുന്ന വസ്തുക്കളുടെ രൂപത്തിൽ അന്തഃകരണം പരിണമിക്കുന്നതാണ് ഇന്ദ്രിയജന്യജ്ഞാനം എന്നു പറഞ്ഞുവല്ലോ. ഈ പരിണാമത്തെ 'അന്തഃകരണവൃത്തി' എന്നു പറയുന്നു. ചൈതന്യം എല്ലാ വസ്തുക്കളിലും ഉണ്ട്. മറ്റൊരു

വിധത്തിൽ പറഞ്ഞാൽ എല്ലാ വസ്തുക്കളും ചൈതന്യത്തിൽ അധ്യസ്തങ്ങളാണ്. എന്നിട്ടും നാം എല്ലാ വസ്തുക്കളേയും എപ്പോഴും അറിയാത്തതിനു കാരണം എല്ലാ വസ്തുക്കളിലുമുള്ള ചൈതന്യത്തെ അജ്ഞാനം (അവിദ്യ) മൂടിനില്ക്കുന്നു എന്നതത്രേ. ഈ അജ്ഞാനാവരണത്തെ നീക്കിക്കളയുന്നതു് അതാതു വസ്തുക്കളുടെ ആകൃതി കൈക്കൊള്ളുന്ന അന്തഃകരണവൃത്തിയോ അന്തഃകരണവൃത്തിയിൽ ഉപഹിതമായ ചൈതന്യമോ ആകുന്നു. ദൃശ്യവസ്തുക്കളോടു് ദ്രഷ്ടാവിനു്, അവയുടെ ജ്ഞാനം കൈവരാൻ ആവശ്യമായ ബന്ധം സൃഷ്ടിക്കുകയേ അന്തഃകരണവൃത്തി ചെയ്യുന്നുള്ളു എന്നും സ്വതേ ചൈതന്യാഭിവ്യക്തിയോഗ്യത ഇല്ലാത്ത ഘടാദി ജഡവസ്തുക്കൾക്കു് ഈ ബന്ധംമൂലം ചൈതന്യാഭിവ്യക്തിയോഗ്യത കൈവരുന്നു എന്നും മററാരു മതവും ഉണ്ടു്. ദൃശ്യവസ്തുക്കളിലെ ചൈതന്യവുമായി ദ്രഷ്ടൃചൈതന്യത്തിനു് അഭേദം സമ്പാദിക്കുകയാണ് അന്തഃകരണവൃത്തി ചെയ്യുന്നതു് എന്നാണു് ഇനിയൊരു മതം.

ഇന്ദ്രിയങ്ങളിലൂടെയല്ലാതെ വിഷയങ്ങളെ പ്രത്യക്ഷമായി കാണുന്ന അവസ്ഥയാണു് സ്വപ്നം. സുഷുപ്തി എന്ന മൂന്നാമത്തെ അവസ്ഥയിൽ അന്തഃകരണവൃത്തിയില്ല. ഉള്ളതു് അവിദ്യയുടെ വൃത്തിയാണു്; അതിൽ അവിദ്യ, ആത്മാവ്, ആനന്ദം എന്നിവ അനുഭവപ്പെടുന്നു. ജാഗ്രൽസ്വപ്നസുഷുപ്തികൾക്കുപുറമെ മൂർച്ഛ, മരണം എന്ന രണ്ടു് അവസ്ഥകൾകൂടി ജീവനുള്ളതായി ചിലർ കരുതുന്നു.

'മായ' എന്ന ഉപാധിയെ അപേക്ഷിച്ചു് ജീവൻ ഒന്നാണെന്നും അന്തഃകരണങ്ങളെന്ന ഉപാദികളെ അപേക്ഷിച്ച ജീവൻ പലതാണെന്നും പറയാം. ജീവൻ അണുപരിമാണമല്ല, അതിന്റെ ഉപാധികളുടെ വലിപ്പം അതു് അപ്പോഴപ്പോൾ കൈക്കൊള്ളുന്നു. ജീവൻ സ്വയം പ്രകാശവും അനുഭവസ്വരൂപവുമാകുന്നു.

## ജീവബ്രഹ്മൈക്യം

ജീവനും ബ്രഹ്മവും ഒന്നുതന്നെയെന്നു് 'തത്ത്വമസി' എന്ന വാക്യത്തിലൂടെ ഉപനിഷത്് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ജീവൻ അല്പജ്ഞനും ദുർബലനും ബ്രഹ്മം സർവജ്ഞവും സർവശക്തവും ആണെന്നും ഇവ രണ്ടും രണ്ടുതന്നെ എന്നുമുള്ള നമ്മുടെ അനുഭവം സത്യമല്ല; കാരണം പല ദോഷങ്ങൾകൊണ്ടും തെററായ അനുഭവം ഉണ്ടാകാം; ദോഷശൂന്യമായ വേദം നൽകുന്ന ജ്ഞാനം അനുഭവത്തെ ബാധിക്കുകതന്നെ വേണം.

സുഖവും ദുഃഖാഭാവവുമാണു് മനുഷ്യജീവിതത്തിന്റെ രണ്ടു പ്രയോജനങ്ങൾ. വിഷയജന്യങ്ങളായ സുഖങ്ങൾ തുച്ഛങ്ങളാകുന്നു. നിരതിശയസുഖം ബ്രഹ്മമത്രേ. ബ്രഹ്മമാണു താൻ എന്ന പ്രത്യക്ഷജ്ഞാനം കൈവരുന്നതോടെ ജീവൻ ബ്രഹ്മമായിത്തീരുന്നു. അപ്പോൾ ജീവനു ദുഃഖം ഇല്ലാതാവുന്നു. 'ഞാൻ ബ്രഹ്മമാണു്' എന്ന ജ്ഞാനം 'തത്ത്വമസി' മുതലായ വാക്യങ്ങളിൽനിന്നു് ഉണ്ടാവുന്നു. സൽക്കർമാനുഷ്ഠാനങ്ങളിലൂടെ പാപം ക്ഷയിച്ചവർക്കുമാത്രമേ ഈ ജ്ഞാനം കൈവരുകയുള്ളു. അതിനാൽ പാപക്ഷയത്തിനുവേണ്ടി സത്കർമങ്ങൾ അനുഷ്ഠിക്കുന്നതു് ആവശ്യമാകുന്നു. അദ്വൈതവേദാന്തത്തിൽ സദാചാരസംഹിതയുടെ പ്രസക്തി ഇവിടെയാണു്.

ശ്രവണം, മനനം, നിദിധ്യാസനം എന്നിവ ജ്ഞാനസാധനങ്ങളാകുന്നു. ബ്രഹ്മപ്രതിപാദകങ്ങളായ വേദാന്തവാക്യങ്ങൾ പഠിക്കലാണു് 'ശ്രവണം'. വാക്കുകളിൽനിന്നു ഗ്രഹിച്ച അർത്ഥത്തെ സംബന്ധിച്ച ശങ്കകൾ യുക്തികൊണ്ടു പരിഹരിക്കുന്ന മാനസികപ്രക്രിയ 'മനനം' ആകുന്നു. അനാദി ദുർവാസനകൊണ്ടു വിഷയങ്ങളിൽ ആകൃഷ്ടമാകുന്ന മനസ്സിനെ അവയിൽനിന്നു പിന്തിരിപ്പിച്ചു് ആത്മചിന്തയിൽ ഉറപ്പിച്ചുനിർത്തലാണു് 'നിദിധ്യാസനം'. ഇവയിൽ ശ്രവണം ബ്രഹ്മജ്ഞാനത്തിനു നേരിട്ടു കാരണമാകുന്നു. മനന നിദി

ധ്യാസനങ്ങൾ ചിത്തൈകാഗ്രത കൈവരുത്തുന്നതുവഴി ബ്രഹ്മാനുഭവത്തിനു പരമ്പരയാ കാരണങ്ങളായിത്തീരുന്നു.

ശ്രവണ—മനന—നിദിധ്യാസനങ്ങൾക്ക് അധികാരികൾ മുമുക്ഷുക്കളാകുന്നു. നിത്യാനിത്യ വസ്തുവിവേകം, ഇഹ—അമുത്ര—അർത്ഥ-ഫല—ഭോഗ-വിരാഗം, ശമം, ദമം, ഉപരതി, തിതിക്ഷ, സമാധാനം, ശ്രദ്ധ എന്നിവ മുമുക്ഷ ഉളവാകാൻ സഹായിക്കുന്നു. ഇവയെ 'സാധനചതുഷ്ടയം' എന്നു വിളിക്കുന്നു. 'ഉപരതി' എന്നതിനു സന്ന്യാസം എന്ന് അർത്ഥമാകയാൽ സന്ന്യാസികൾക്കേ ശ്രവണത്തിന് അധികാരമുള്ളു എന്നു ചില അദ്വൈതികൾ കരുതുന്നു. 'ചിത്തവിക്ഷേപമില്ലായ്മ' എന്നേ ഉപരതിക്ക് അർത്ഥമുള്ളൂ എന്നും, മററു യോഗ്യതകളുണ്ടെങ്കിൽ ഗൃഹസ്ഥാദികൾക്കും ശ്രവണം ആവാമെന്നുമാണ് മററു ചിലരുടെ പക്ഷം. മനസ്സിന് ഏകാഗ്രത വരുത്തുന്നതുവഴി സഗുണോപാസനം ബ്രഹ്മസാക്ഷാല്ക്കാരത്തിനു പരമ്പരയാ കാരണമായിത്തീരുന്നു. ഇവിടെയാണ് വേദാന്തദർശനം മതത്തിന്റെ മേഖലയിലേക്കു കടക്കുന്നത്.

## പല മാർഗങ്ങൾ

സഗുണോപാസകർ മരണാനന്തരം അർച്ചിരാദി മാർഗത്തിലൂടെ ബ്രഹ്മലോകത്തിലെത്തി, അവിടെവെച്ച് വേദാന്തവാക്യശ്രവണംകൊണ്ടു ബ്രഹ്മസാക്ഷാത്കാരം നേടി പ്രാകൃതപ്രളയത്തിൽ ബ്രഹ്മാവിനോട് (ഹിരണ്യഗർഭനോട്) ഒപ്പം മോക്ഷം അടയുന്നു. യാഗാദിവേദവിഹിതകർമങ്ങൾ അനുഷ്ഠിക്കുന്നവർ മരണാനന്തരം ധൂമാദിമാർഗത്തിലൂടെ പിതൃലോകത്തിലെത്തി അവിടെവെച്ച് ഉപഭോഗത്തിലൂടെ കർമം ക്ഷയിക്കുമ്പോൾ, പൂർവസുകൃത-ദുഷ്കൃതങ്ങൾക്ക് അനുസൃതമായി ബ്രഹ്മാദിസ്ഥാവരാന്ത യോനികളിൽ പുനർജനിക്കുന്നു.

അഗ്നിർജ്യോതിരഹഃ ശുക്ലഃ
ഷണ്മാസാ ഉത്തരായണം
തത്ര പ്രയാതാ ഗച്ഛന്തി
ബ്രഹ്മ ബ്രഹ്മവിദോ ജനാഃ
ധൂമോ രാത്രിസ്തഥാ കൃഷ്ണഃ
ഷണ്മാസാ ദക്ഷിണായനം
തത്ര ചാന്ദ്രമസംജ്യോതിർ—
യോഗീ പ്രാപ്യ നിവർത്തതേ
ശുക്ലകൃഷ്ണേ ഗതീഹ്യേതേ
ജഗതഃ ശാശ്വതേ മതേ
ഏകയാ യാത്യനാവൃത്തിം
അന്യയാവർത്തതേ പുനഃ

എന്ന ഗീതാപദ്യങ്ങൾ കുറിക്കുന്നത് ഈ രണ്ടു ഗതികളെയാണ്. ഐഹികജീവിതത്തിൽ നിഷിദ്ധകർമങ്ങൾ അനുഷ്ഠിക്കുന്നവർ മരണാനന്തരം രൗരവാദി നരകങ്ങളിൽ പാപഫലം അനുഭവിച്ചശേഷം തിര്യഗ്യോനികളിൽ ജനിക്കുന്നു. നിർഗുണബ്രഹ്മത്തെ ഈ ലോകത്തുവെച്ചു സാക്ഷാല്ക്കരിച്ചവർ പ്രാരബ്ധകർമങ്ങൾ ക്ഷയിക്കുംവരെ ഇവിടെത്തന്നെ സുഖദുഃഖങ്ങൾ അനുഭവിച്ചു മരണത്തോടെ മോക്ഷം പ്രാപിക്കുന്നു. സഞ്ചിതങ്ങൾ എന്നും പ്രാരബ്ധങ്ങൾ എന്നും പൂർവകർമങ്ങൾ രണ്ടുവിധമുണ്ട്. ബാങ്കിൽ ഡെപ്പോസിററ് ചെയ്ത ധനംപോലെയാണ് സഞ്ചിതകർമം. ആത്മജ്ഞാനം കൈവരുന്നതോടെ സഞ്ചിതകർമം നശിച്ചുപോകുന്നു. കൈവശംവെച്ചു ചെലവഴിച്ചുവരുന്ന രൊക്കം പണംപോലെയാണ് പ്രാരബ്ധകർമം. അതിന്റെ ഫലം ഒരിക്കൽ അനുഭവിക്കാൻ തുടങ്ങിയാൽ മുഴുവൻ അനുഭവിച്ചുതന്നെ തീരണം.

ഈ പ്രാരബ്ധകർമത്തിന്റെ ഫലമായാണ് മുക്തൻ പിന്നെയും കുറെക്കാലം ജീവിക്കുന്നതു്.

ബ്രഹ്മം ഒന്നേയുള്ളൂ. അവിദ്യ ഒന്നോ, പലതോ? ഓരോ ജീവനും ഓരോ അവിദ്യയാണെന്നു ചില അദ്വൈതികൾ പറയുന്നു. അവിദ്യ ഒന്നാണെങ്കിലും ബ്രഹ്മസ്വരൂപത്തെ ആവരണംചെയ്യുന്നതിനുള്ള അതിന്റെ ശക്തി ഓരോ ജീവനെ സംബന്ധിച്ചും വെവ്വേറെയാണെന്നു മററു ചിലർ കരുതുന്നു. രണ്ടു വിധത്തിലായാലും ഒരു ജീവൻ മുക്തി പ്രാപിക്കുമ്പോൾ അവിദ്യ (അവിദ്യാവരണം) പൂർണമായി നശിക്കാത്തതിനാൽ മററു ജീവന്മാരെ സംബന്ധിച്ചിടത്തോളം സംസാരം തുടരുകതന്നെ ചെയ്യുന്നു.

(വൈദ്യരത്നം പി. എസ്. വാരിയർ അനുസ്മരണപ്രസംഗം)

(26 ജനുവരി, 1988)

# 75. ന്യായദർശനത്തിൽ ഈശ്വരസങ്കല്പം*

ജീവിതത്തിന്റെ ലക്ഷ്യം ഭോഗം അഥവാ സുഖാനുഭവം ആണെന്നു് മിക്ക മനുഷ്യരും വിശ്വസിക്കുന്നു. എന്നാൽ, ഭോഗത്തിനു പുറമെ അപവർഗം എന്ന മറെറാരു ആത്യന്തിക ലക്ഷ്യംകൂടി ജീവിതത്തിനു് ഉള്ളതായി എല്ലാ മതാചാര്യന്മാരും ഏറെക്കുറെ എല്ലാ ദാർശനികരും കരുതുന്നുണ്ട്. അപവർഗത്തിന്റെ സ്വരൂപത്തെപ്പററി വ്യത്യസ്ത ധാരണകളുണ്ടെങ്കിലും എല്ലാ ദുഃഖങ്ങളിൽനിന്നുമുള്ള ശാശ്വതമായ മോചനമാണ് അതെന്ന കാര്യത്തിൽ ആർക്കും അഭിപ്രായഭേദമില്ല.

തത്ത്വജ്ഞാനം (ഉള്ളതു് ഉള്ളപടി അറിയുക) ആണ് അപവർഗത്തിലേക്കു നയിക്കുക എന്ന സിദ്ധാന്തത്തിലും മിക്ക ദാർശനികരും യോജിക്കുന്നു. എങ്കിലും, 'തത്ത്വം' എന്തെന്നും, അതിന്റെ 'ജ്ഞാനം' എങ്ങനെ നേടാമെന്നുമുള്ള കാര്യത്തിൽ പല വീക്ഷണഭേദങ്ങളുമുണ്ട്. ഇത്തരം ആറു് വീക്ഷണഭേദങ്ങൾ, സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ, ഇന്ത്യയിലെ ഋഷിവാടങ്ങളിൽ തലമുറകളായി ചർച്ചചെയ്യപ്പെട്ടിരുന്നു; ഈ ചർച്ചകളുടെ പരിണതഫലങ്ങൾ അതിസംക്ഷിപ്തരൂപത്തിലുള്ള സൂത്രഗ്രന്ഥങ്ങളും, അവയ്ക്കുള്ള വിസ്തൃത വ്യാഖ്യാനങ്ങളുമായി ക്രോഡീകരിക്കപ്പെടുകയുംചെയ്തിരുന്നു. 'ഷഡ്ദർശനങ്ങൾ' എന്ന പേരിൽ വ്യവഹരിക്കപ്പെടുന്നതു് ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന ചിന്താപദ്ധതികളാണ്. യോഗം, സാംഖ്യം, ന്യായം, വൈശേഷികം, പൂർവമീമാംസ, ഉത്തരമീമാംസ എന്നിവയാണ് ഷഡ്ദർശനങ്ങൾ. പതഞ്ജലി, കപിലൻ, ഗൗതമൻ, കണാദൻ, ജൈമിനി, ബാദരായണൻ എന്നീ ഋഷിമാർ യഥാക്രമം ഈ ആറു് ദർശനങ്ങളുടെ പ്രതിഷ്ഠാപകരായി കരുതപ്പെടുന്നു.

## ന്യായദർശനം

പ്രമ, ഭ്രമം, സ്മൃതി, അനുഭവം മുതലായ ജ്ഞാനത്തിന്റെ പ്രകാരഭേദങ്ങൾ, ജ്ഞാനം നേടുന്നതിനുള്ള പ്രത്യക്ഷം, അനുമാനം, ശബ്ദം മുതലായ ഉപകരണങ്ങൾ അഥവാ പ്രമാണങ്ങൾ, ജ്ഞാനത്തിനു വിഷയമാകുന്ന പദാർത്ഥങ്ങൾ അഥവാ പ്രമേയങ്ങൾ, അറിഞ്ഞ കാര്യം മറെറാരാളെ അറിയിക്കുന്നതിനുള്ള സംവാദത്തിന്റെ സ്വീകാര്യങ്ങളും ത്യാജ്യങ്ങളുമായ പല രൂപങ്ങൾ, സംവാ

* Gangesa's Philosophy of God—Edited with introduction and English translation by Dr. John Vattanky, S. J. Adyar Library, Madras-PP. 422.